"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക്, ശ്രീ. മിഥുൽ കുമാർ എം-നെ ചെങ്ങന്നൂർ നഗരസഭയിൽ നിലവിലുള്ള പുനർവിന്യാസ ക്ലർക്കിന്റെ ഒഴിവിൽ നിയമിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.942/2025/LSGD തീയതി,തിരുവനന്തപുരം, 09-04-2025**

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1690/2024/LSGD തീയതി, 12/09/2024.
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 20/10/2024-ലെ ADFW/PAO/ALP/2952/2024-E2 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 25/02/2025-ലെ LSGD/PD/18895/2024-DEH4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നുള്ള ക്ലർക്ക്, ശ്രീമതി ഭഗവതി അമ്മാൾ-നെ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ നഗരസഭയിൽ പരാമർശം (1) പ്രകാരം പുനർവിന്യസിക്കുകയുണ്ടായി. തുടർന്ന്, വൃദ്ധയായ മാതാവിന്റെ സംരക്ഷണാർത്ഥം പുനർവിന്യാസ നിയമനം റദ്ദ് ചെയ്ത് നിലവിലെ ഓഫീസിൽ തുടരുവാനുള്ള അനുമതിയ്ക്കായി മേലധികാരിയുടെ ശിപാർശയോടെ ടിയാൻ വകുപ്പ് മേധാവിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനായി വകുപ്പ് മേധാവി പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ചെങ്ങന്നൂർ നഗരസഭയിൽ ശ്രീമതി ഭഗവതി അമ്മാൾ പുനർവിന്യാസ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി ഒഴിവിലേയ്ക്ക് നിയമനം ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷകൾ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലർക്ക് ശ്രീമതി ഭഗവതി അമ്മാളിനെ പുനർവിന്യസിച്ചുകൊണ്ടുള്ള പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിൽ 04/01/2021-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. മിഥുൽ കുമാർ എം (ക്ലർക്ക്, വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം) -നെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ചെങ്ങന്നൂർ നഗരസഭയിൽ പുനർവിന്യസിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധ രേഖകളും ബില്ലുകളും സഹിതം)

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി. ഭഗവതി അമ്മാൾ എൻ, സീനിയർ ക്ലർക്ക്, സ്റ്റേറ്റ് സീഡ് ഫാം, വിയപുരം.(കാർഷിക വികസന

കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ. മിഥുൽ കുമാർ എം, ക്ലർക്ക്, വയനാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(LSGD-ERA1/119/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 10-04-2025 11:54:04
സെക്ഷൻ ഓഫീസർ